## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ: * 276

21.6.2013-ലെ മറുപടിക്ക്

### നാണ്യവിളകൾ നേരിടുന്ന വിലത്തകർച്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ<br>ശ്രീ. ഇ.പി. ജയരാജൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീമതി കെ.കെ. ലതിക | ശ്രീ. കെ.പി. മോഹനൻ<br>കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി. |
| (എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന നാണ്യവിളകളിൽ ഏതെല്ലാം വിളകൾ വിലത്തകർച്ച നേരിടുന്നുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന നാണ്യവിളകളിൽ നാളികേരം, കുരുമുളക്, റബ്ബർ, ഏലം എന്നീ നാണ്യവിളകൾക്കാണ് വിലത്തകർച്ച നേരിടേണ്ടി വന്നിട്ടുള്ളത്; |
| (ബി) വിലത്തകർച്ചയ്ക്ക് കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയം കാരണമായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) സ്വതന്ത്ര വ്യാപാര കരാറിന്റെ അടിസ്ഥാനത്തിൽ ഇറക്കുമതി തീരുവ കുറച്ച് മറ്റ് രാജ്യങ്ങളിൽ നിന്ന് നാണ്യവിളകൾ ഇറക്കുമതി ചെയ്യുന്നത് ഇവയുടെ വിലയിടിവിന് കാരണമാകുന്നുണ്ട്; |
| (സി) കേന്ദ്രസർക്കാർ നയങ്ങൾ വിലത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടെങ്കിൽ അവ മറികടക്കാൻ സംസ്ഥാന സർക്കാരിന് എന്തെല്ലാം ചെയ്യാൻ കഴിയുമെന്നത് സംബന്ധിച്ച് ആലോചന നടത്തിയിട്ടുണ്ടോ; എന്തെല്ലാം നടപടികളാണ് ഇതുമായി ബന്ധപ്പെട്ട് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയിക്കാമോ; | (സി) വിലത്തകർച്ചയ്ക്ക് കാരണമാകുന്ന കേന്ദ്രസർക്കാർ നയങ്ങൾ മറികടക്കാൻ സംസ്ഥാനസർക്കാർ അതാത് അവസരങ്ങളിൽ ഉചിതമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.<br><br>റബ്ബറിന്റെ ഇറക്കുമതി തീരുവ നിലവിൽ 20% പരമാവധി 20 രൂപയിൽ നിന്നും 34 രൂപയാക്കുന്നതിന് കേന്ദ്രവാണിജ്യ മന്ത്രാലയം തീരുമാനിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ ഉത്തരവ് നിലവിലാകാത്തതിനാൽ, തീരുവ ഉയർത്തണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിലേയ്ക്ക് ശക്തമായി ആവശ്യപ്പെട്ടിട്ടുണ്ട്. |

(......2)

കേന്ദ്രസർക്കാരിന്റെ ഇറക്കുമതി നയത്തിൽ കേരളത്തിന് ദോഷകരമായ തീരുമാനങ്ങൾ ഉണ്ടാകരുതെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. പാം ഓയിൽ ഇറക്കുമതി നാളികേരത്തിനും, വെളിച്ചെണ്ണയ്ക്കും ദോഷകരമായപ്പോൾ കേന്ദ്ര സർക്കാർ ക്രൂഡ് പാം ഓയിലിന് 2.5% തീരുവയും, ശുദ്ധീകരിച്ച പാം ഓയിലിന് 7.5% തീരുവ ചുമത്തുകയും ചെയ്തു.

2013 സീസണിലെ കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് കേന്ദ്രകാർഷിക വില നിർണ്ണയ കമ്മിഷൻ മുൻപാകെ സംസ്ഥാനം സമർപ്പിച്ചിട്ടുള്ള നിർദ്ദേശത്തിൽ, തീരുവ രഹിതമായി ഇറക്കുമതി ചെയ്യപ്പെടുന്ന ഇതര ഭക്ഷ്യഎണ്ണകളുടെ ഇറക്കുമതി നിയന്ത്രിക്കുക, വെളിച്ചെണ്ണയുടെ കയറ്റുമതി യിൽ ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ മാറ്റുക തുടങ്ങിയ ആവശ്യങ്ങളും ഉൾപ്പെടുത്തിയി ട്ടുണ്ട്.

(ഡി) ഇപ്പോൾ നിലനില്ക്കുന്ന ഈ പ്രത്യേക സാഹചര്യത്തിൽ നാണ്യവിള കൃഷിയിൽ നിന്നും കർഷകർ അകന്നു തുടങ്ങിയിട്ടുണ്ടോ?

(ഡി) ഇപ്പോഴത്തെ സാഹചര്യത്തിൽ നാണ്യവിള കൃഷിയിൽനിന്നും കർഷകർ അകന്നു തുടങ്ങിയതായി വിവരം ലഭിച്ചിട്ടില്ല.

അണ്ടർ സെക്രട്ടറി